3. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ 3 ഗവേഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(i) DARPG- Study to Identify Factors Facilitating Enabling Environment for Effective Service Delivery in Rural and urban Local Governments in Kerala.

(ii) Customer Satisfaction Survey project supported by DARPG.

(iii) State Collaboration Iniiative Proposal to develop Competency Frame Work for Personnel at cutting edge level (RM)

4. UNEP-യുമായി ചേർന്ന് സുസ്ഥിര വികസന പരിശീലന പരിപാടികൾ ദേശീയതലത്തിൽ സംഘടിപ്പിച്ചുവരുന്നു.

5. UK-യിലെ Reading University-യുമായി ചേർന്ന് പരിശീലന പരിപാടികളും ഗവേഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

6. സേവനാവകാശ നിയമത്തിൽ വിവിധ പരിശീലന പരിപാടികൾ വിപുലീകരിച്ച് നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അറിവും പ്രാവീണ്യവും മനോഭാവവും മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് നല്ല സേവനം ലഭ്യമാക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കി കൊണ്ടിരിക്കുന്നു.

പി.എസ്.സി. വഴിയുള്ള നിയമനം

3(5581) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴിയുള്ള നിയമനത്തിൽ റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2006 മുതൽ 2014 വരെയുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തന മൂല്യനിർണ്ണയ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. എൽ.ജി.എസ്., എൽ.ഡി.സി., അസിസ്റ്റന്റ്/ഓഡിറ്റർ എന്നീ തസ്തികകളുടെ നിയമനത്തിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തിവരുന്നു. അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയുടെ നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 517364 പേർക്ക് 16-5-2015-ന് OMR പരീക്ഷ നടത്തി. 4-7-2015-ന് 5,30,157 അപേക്ഷകർ ഉണ്ടായിരുന്ന സെക്രട്ടറി-ബ്ലോക്ക് പഞ്ചായത്ത് തസ്തിക, 489941 (നേരിട്ടുള്ള നിയമനം 489610+ ബൈടാൻസ്റ്റർ നിയമനം 331) അപേക്ഷകർ ഉണ്ടായിരുന്ന മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തിക എന്നിവയ്ക്കായി Common OMR പരീക്ഷ നടത്തുകയുണ്ടായി. ഇവയെല്ലാം പി.എസ്.സി.-യുടെ ചരിത്ര നേട്ടങ്ങളാണ്. നിയമനങ്ങൾക്ക് കൂടുതൽ വേഗതയും കൃത്യതയും ഉറപ്പ് വരുത്തുന്നതിനായി One-Time Registration, One-time verification എന്നീ സംവിധാനങ്ങൾ ആവിഷ്കരിച്ചു. ഓൺലൈൻ പരീക്ഷാ സമ്പ്രദായം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവിഷ്കരിക്കുകയും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. കോഴിക്കോട് ജില്ലയിലും ഓൺലൈൻ പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിക്കുന്നു. സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതുവരെയുള്ള മേഖലയിൽ കമ്മീഷൻ വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വനിതാ ഉദ്യോഗാർത്ഥികൾക്ക് അവരുടെ ജന്മസ്ഥലം വരുന്ന താലൂക്കിൽതന്നെ പരീക്ഷയെഴുതുന്നതിന് സൗകര്യമൊരുക്കിയത്, സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വികേന്ദ്രീകൃതമായ സംവിധാനം ഏർപ്പെടുത്തിയത്, വിജ്ഞാപനങ്ങളിൽ തന്നെ പരീക്ഷാ തീയതി പ്രസിദ്ധീകരിക്കുന്നത്, 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000-ത്തിലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയത്, NCA ഒഴിവുകൾ ആറുമാസത്തിനുള്ളിൽ പരിപൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് എന്നിവയെല്ലാം പി.എസ്.സി. കൈവരിച്ച നേട്ടങ്ങളാണ്.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം, കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച Additional Centralised Assistance (ACA) എന്നിവ ഉപയുക്തമാക്കിയാണ് മേൽപ്പറഞ്ഞ നേട്ടങ്ങളൊക്കെയും പി.എസ്.സി. കൈവരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.